"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ, കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം-സൂപ്പർ സ്പെഷ്യാലിറ്റി കേഡർ - ഡോ. ശ്രീദിപൻ.എം ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) -ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് തസ്തിക- താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ ( എ ) വകുപ്പ്**

സ.ഉ.(സാധാ) നം.642/2025/H&FWD തീയതി,തിരുവനന്തപുരം, 04-03-2025

---

പരാമർശം:-

1. സ.ഉ. (അച്ചടി )നമ്പർ 48/2022/ ആകുവ തീയതി 24.08.2022.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 21.11.2024 , 09-02-2025 തീയതികളിലെ ഇ.ബി 1-19417/ 2024/ആവഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജനറൽ ആശുപത്രിയിലെ ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് താല്ക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിച്ച ഡോ. മുഹമ്മദ് റിജോഷ്.പി.പി. - യ്ക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (ന്യൂറോളജി) തസ്തികയിൽ നിയമനം ലഭിച്ച് ആരോഗ്യ വകുപ്പിൽ നിന്നും വിടുതൽ ചെയ്തതിനാൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നം. 8 ആയി ഉൾപ്പെട്ട ഡോ. ശ്രീദീപൻ.എം., ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - ന് ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് താല്ക്കാലിക സ്ഥാനക്കയറ്റം നൽകി കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജനറൽ ആശുപത്രിയിൽ ന്യൂറോളജിസ്റ്റിന്റെ സേവനം അനിവാര്യമായ സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് ഡോ. ശ്രീദീപൻ.എം, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - ന് ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് താല്ക്കാലിക സ്ഥാനക്കയറ്റം നൽകി കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, കാസർഗോഡ്
ഡോ. ശ്രീദീപൻ.എം., കൺസൽട്ടന്റ് (ന്യൂറോളജി) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ(ഫയൽ നമ്പർ. A1/220/2024-Health)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Anupama G Nair
Date: 05-03-2025 10:02:51

**<u>മേലെഴുത്തു നം. ഇ.ബി1 -19417/2024/ആ.വ.ഡ തീയതി 06-03-2025</u>**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 06-03-2025 12:02:02
ആരോഗ്യ വകുപ്പ് ഡയറക്ടർ